II ഉത്തരത്തിലെ തിരുത്ത്

3-8-2005-ന് മറുപടി നൽകിയ നക്ഷത്ര ചിഹ്നമിടാത്ത 3075-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരത്തിലെ തിരുത്ത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ്ബഷീർ): സർ, പതിനൊന്നാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനത്തിൽ 3-8-2005-ന് മറുപടി നൽകിയ നക്ഷത്രചിഹ്നമിടാത്ത 3075-ാം നമ്പർ ചോദ്യത്തിന്റെ മറുപടിയിൽ പിശക് കടന്ന് കൂടിയിരിക്കുന്നു. ആയതിന്റെ തിരുത്തിയ ഉത്തരം മേശപ്പുറത്ത് വയ്ക്കുന്നു.†

III അടിയന്തിരപ്രമേയം

എസ്. എഫ്. ഐ.-യുടെ നേതൃത്വത്തിലുള്ള വിദ്യാർത്ഥി മാർച്ചിനുനേരെ നടന്ന ലാത്തിചാർജ്ജ്

മി. സ്പീക്കർ: സ്വകാര്യ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കേന്ദ്ര നിയമത്തിന്റെ അടിസ്ഥാനത്തിൽ സംവരണം നൽകുന്നതിന് സംസ്ഥാന സർക്കാർ അടിയന്തിരമായി നിയമം കൊണ്ടുവരണമെന്ന് ആവശ്യപ്പെട്ട് ഇന്നലെ എസ്. എഫ്. ഐ.യുടെ നേതൃത്വത്തിൽ മാർച്ച് നടത്തിയ വിദ്യാർത്ഥികൾക്കു നേരെ കോഴിക്കോട് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിനു മുന്നിൽവെച്ച് പോലീസ് ലാത്തിചാർജ്ജ് നടത്തുകയും കണ്ണീർ വാതക ഷെല്ലുകൾ പ്രയോഗിക്കുകയും ചെയ്തതിനെ തുടർന്ന് ഉളവായിരിക്കുന്നതായി പറയപ്പെടുന്ന അത്യന്തം ഗുരുതരമായ സ്ഥിതിവിശേഷം സംബന്ധിച്ച് സഭാനടപടികൾ നിർത്തിവെച്ച് ചർച്ചചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ. മത്തായി ചാക്കോ, ബിനോയ് വിശ്വം, സി. കെ. നാണു, എ. എ. അസീസ്, എ. സി. ഷണ്മുഖദാസ്, പി. സി. ജോർജ്ജ്, ഡോ. കെ. സി. ജോസഫ്, എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്. 9.30 a.m.

മുഖ്യമന്ത്രിയുടെ ചുമതല വഹിക്കുന്ന ധനകാര്യവും എക്സൈസും വകുപ്പ് മന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, കോഴിക്കോട് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലേയ്ക്ക് എസ്. എഫ്. ഐ. ജില്ലാ പ്രസിഡണ്ട് ശ്രീ. ബൈജുവിന്റെ നേതൃത്വത്തിൽ 7-2-2006-ന് ഉദ്ദേശം 500 എസ്. എഫ്. ഐ. പ്രവർത്തകർ പ്രകടനമായി എത്തി ഗതാഗത തടസ്സമുണ്ടാക്കി റോഡിൽ കുത്തിയിരുന്ന് പോലീസിനും ഗവണ്മെന്റിനും എതിരായി മുദ്രാവാക്യം മുഴക്കി. പ്രകോപിതരായ കുറച്ച് പേർ പോലീസ് വലയം ഭേദിച്ച് ഓഫീസിനുള്ളിൽ കടക്കാൻ ശ്രമിച്ചു. അത് തടഞ്ഞ ഡ്യൂട്ടിയിലുണ്ടായിരുന്ന പോലീസ് ഉദ്യോഗസ്ഥന്റെ നെയിം പ്ലേറ്റ് വലിച്ചു പൊട്ടിച്ചു. തുടർന്ന് അക്രമാസക്തരായ പ്രകടനക്കാർ പോലീസിനുനേരെ ശക്തമായ കല്ലേറ് നടത്തി. കല്ലേറിൽ അഞ്ച് പോലീസ് ഉദ്യോഗസ്ഥർക്ക് പരിക്കുപറ്റി. അക്രമാസക്തരായ പ്രകടനക്കാരോട് പിരിഞ്ഞുപോകാൻ പോലീസ് ആവശ്യപ്പെട്ടിട്ടും കൂട്ടാക്കാത്തതിനെ തുടർന്ന് അവർക്കുനേരെ പോലീസുകാർ 2 കണ്ണീർവാതക ഷെല്ലുകൾ പ്രയോഗിച്ചു. എന്നിട്ടും പിരിഞ്ഞുപോകാത്തതിനാൽ പോലീസ് അവരെ വിരട്ടിയോടിച്ചു. ഇക്കാര്യത്തിൽ

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly